# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2905

13.03.2018 - ൽ
മറുപടിയ്ക്ക്

## നീര കർഷകരുടെ പ്രതിസന്ധി

ചോദ്യം
ശ്രീ.പി.ടി. തോമസ്
ശ്രീ.അടൂർ പ്രകാശ്
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.അനൂപ് ജേക്കബ്

മറുപടി
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും ദീർഘകാലം നീര സൂക്ഷിച്ചു വയ്ക്കുവാനുള്ള സാങ്കേതിക വിദ്യയുടെ അഭാവവും സംസ്ഥാനത്തെ നീര കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | എ) വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് ഒരു പരിധിവരെ നീരയുടെ ഉൽപാദനത്തിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി 75 ലക്ഷം രൂപ മുടക്കി നീര ടെക്നീഷ്യൻസിന് ട്രെയിനിംഗ് നടത്തുന്നതാണ്. നീര മൂന്നു മാസം കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യ നിലവിലുണ്ട്. |
| ബി) ടെട്രാപാക്ക്, അലുമിനിയം കാൻ എന്നിവയിൽ പ്രിസർവ്വേറ്റീവ് ചേർക്കാതെ നീര സൂക്ഷിക്കാമെന്നിരിക്കെ ഇതിനായി ഒരു പ്ലാന്റ് സ്ഥാപിക്കണമെന്ന നീര കർഷകരുടെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ; | ബി) ടെട്രാപാക്ക്, അലുമിനിയം കാൻ എന്നിവയിലൂടെ നീര പാക്ക് ചെയ്യാനുള്ള പ്ലാന്റ് സ്ഥാപിക്കുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുന്നതാണ്. |
| സി) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ 6.18 കോടി രൂപ ഇക്കാര്യത്തിനായി അനുവദിക്കുവാൻ കേന്ദ്രം തയ്യാറായിട്ടും സംസ്ഥാനം അനുകൂല നിലപാട് സ്വീകരിച്ചില്ലെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; | സി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) നാളികേരള വികസന കോർപ്പറേഷൻ നീര ഉത്പാദനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഡി) നാളീകേര വികസന കോർപ്പറേഷൻ നീര ഉൽപ്പാദിപ്പിച്ച് കേര നീര എന്ന ബ്രാൻഡിൽ കോഴിക്കോട് എലത്തൂരിൽ നിന്ന് വിപണനം നടത്തുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. പൊതു വിപണിയിൽ ഉള്ളതിനെക്കാളും കുറഞ്ഞ നിരക്കിൽ മുടക്കമില്ലാതെ ഗുണനിലവാരമുള്ള ഉൽപ്പന്നം വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. |
| ഇ) നീര ഉത്പാദന ലൈസൻസിന്റെ കാലാവധി നീക്കണമെന്ന നീര കർഷകരുടെ ആവശ്യം പരിഗണിക്കുമോ? | ഇ) ഈ വിഷയം എക്സൈസ് വകുപ്പുമായി കൂടി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ